**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **12-09-2023 - ൽ മറുപടിയ്ക്ക്**

**പൊന്നാനി കോൾ കൃഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനിയിൽ കോൾ കൃഷി വികസനത്തിന് കഴിഞ്ഞ രണ്ട് വർഷമായി അനുവദിച്ച തുക എത്രയാണ്; വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) | പൊന്നാനിയിൽ കോൾ കൃഷി വികസനത്തിനായി 2021 -2022വർഷം 174.0641ലക്ഷം രൂപയും, 2022-2023 വർഷം 338.5192ലക്ഷം രൂപയും ചേർത്ത് ആകെ 512.5833 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോൾ കൃഷിയിടങ്ങളിൽ മോട്ടോറുകൾ സ്ഥാപിക്കുന്നതിന് ഈ വർഷം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; | (ബി) | കോൾ കൃഷിയിടങ്ങളിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ഈ വർഷം 1689.50ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ രണ്ട് വർഷമായി കൃഷി നാശത്തിനുള്ള ധനസഹായം എന്നയിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് കുടിശിക ഇനത്തിൽ ഫണ്ട് ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ചുള്ള തുക വിവരം ലഭ്യമാക്കാമോ? | (സി) | കഴിഞ്ഞ രണ്ടു വർഷമായി കൃഷി നാശത്തിനുള്ള ധനസഹായം എന്നയിനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം ഉൾപ്പെടുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരമായി സംസ്ഥാന മൊട്ടാകെ 11,51,12,383/- രൂപ കുടിശ്ശികയായി നല്കുവാനുണ്ട്. അതിൽ 2021-22 സാമ്പത്തിക വർഷത്തിലെ 12,92,870/- രൂപയും 2022-23സാമ്പത്തിക വർഷത്തിലെ 11,38,19,513/- രൂപയും നല്കുവാനുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 75% കേന്ദ്ര വിഹിതമാണ്. |

സെക്ഷൻ ഓഫീസർ